# നാം എന്തിന് മൗനം പാലിക്കണം.....?

**സ്വകാര്യവത്കരണംമൂലം മത്സരം ഉണ്ടാകുമെന്നും തൻനിമിത്തം ചുരുങ്ങിയ ചെലവിൽ സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുമെന്നുമായിരുന്നു പ്രചരണം; സംഭവിച്ചതോ?**

75 CC യ്ക്ക് താഴെയുള്ള ഒരു 'പാട്ട സ്കൂട്ടർ' റോഡിൽ ഓടിക്കാൻ ഒരു വ്യാഴവട്ടം മുമ്പ് നൽകേണ്ടിയിരുന്ന തേർഡ് പാർട്ടി ഇൻഷ്വറൻസ് തുക 30 രൂപയായിരുന്നു. 2000 ൽ ഇൻഷ്വറൻസ് മേഖലയിൽ സ്വകാര്യവത്കരണം വന്നു. 2014 ഏപ്രിൽ മുതൽ ഈ 'പാട്ട സ്കൂട്ടർ' റോഡിൽ ഇറക്കാൻ 674 രൂപാ വേണം. വർധനവ് 22 ഇരട്ടി! 1000 CCയ്ക്ക് താഴെയുള്ള കാറ് റോഡിലിറക്കാൻ 2014 ഏപ്രിൽ മുതൽ 2547 രൂപാ നൽകണം. 12 വർഷം മുമ്പ് ഇത് 128 രൂപയായിരുന്നു. വർധന 20 മടങ്ങ്! സ്വകാര്യ മുതലാളിമാർക്ക് കമ്പോളവും വിലനിയന്ത്രണാധികാരവും ചൂഷണം ചെയ്യാനുള്ള സമസ്ത അധികാരവും കൈമാറുമ്പോൾ, ഏറ്റവും അടിത്തട്ടിലെ മനുഷ്യരെ വരെ അവർ ചവച്ചു തുപ്പുമെന്ന കാര്യത്തിൽ ഇനിയും ആർക്കാണു സംശയം?

**പൊതുമേഖലകൾ വെള്ളാനകളാണോ? ഖജനാവ് വറ്റിച്ച് കാലിയാക്കുന്നത് പൊതുമേഖലയാണോ? പൊതുമേഖലകൾ നമുക്ക് ബാധ്യതയോ?**

അല്ലേയല്ല! മുതലാളിമാർക്ക് വേണ്ടി നടത്തുന്ന കള്ള പ്രചരണമാണിത്. 1956–ൽ 5 കോടി രൂപ സർക്കാർ മുതൽ മുടക്കിൽ ആരംഭിച്ച LIC യുടെ ക്യാഷ് റിസർവ് മാത്രമെടുത്താൽ 15 ലക്ഷം കോടി രൂപയാണ്! ONGC ഉൾപ്പെടെയുള്ള 10 പൊതുമേഖല കമ്പനികൾ മാത്രം 2011–12–ൽ നേടിയ ലാഭം 1.25 ലക്ഷം കോടി രൂപ. 2013–14 ൽ ലാഭവിഹിതമായി മാത്രം കേന്ദ്ര പൊതുമേഖലയിൽ നിന്നും കേന്ദ്ര ഖജനാവിലേയ്ക്ക് നൽകിയത് 88,188 കോടിരൂപ. ഇവയിൽനിന്നുള്ള നികുതി വരുമാനം വേറെ! പൊതുമേഖല ബാങ്കുകളും ഇൻഷ്വറൻസ് കമ്പനികളും ഒഴികെയുള്ള സ്ഥാപനങ്ങളിലെ ലാഭമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

1969–ൽ കേവലം 2 ലക്ഷം രൂപ മുതൽ മുടക്കിയാണ് സർക്കാർ KSFE ആരംഭിക്കുന്നത്. കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഖജനാവിലേയ്ക്ക് നാളിതുവരെ നമ്മൾ നൽകിയത് 1000 കോടിയോളം രൂപയാണ്. അതായത് മുതൽമുടക്കിന്റെ 50,000 ഇരട്ടി!

ഒരു പൊതുമേഖലാസ്ഥാപനത്തിലെ ജീവനക്കാരായ നമ്മുടെ ഭാവിയും നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിയും ഐശ്വര്യവും പൊതുമേഖലയുടെ ശാക്തീകരണവുമായി ബന്ധപ്പെട്ടതാണ്. നാം ഇന്നനുഭവിക്കുന്ന എല്ലാ നേട്ടങ്ങളും കെ.എസ്.എഫ്.ഇ എന്ന പൊതുമേഖലാ സ്ഥാപനം തന്നതാണ്. അങ്ങനെയാണെങ്കിൽ, പൊതുമേഖല എന്നത് കാലഹരണപ്പെട്ട ആശയമാണ് എന്ന് പറയുന്നവരോട് നട്ടെല്ല് നിവർത്തി, ചൂണ്ടുവിരൽ ഉയർത്തി പ്രതികരിക്കാൻ നാമെന്തിന് മടിക്കണം? ആയിരം ചാട്ടുളിയുടെ പ്രഹരശേഷിയുണ്ട് തൊഴിലാളിയുടെ ആ ചൂണ്ടുവിരലിന്. മുതലാളിമാർക്കനുകൂലമായ നയം തിരുത്തിയെടുക്കാൻ ആ ചൂണ്ടുവിരലിന് കഴിയും!

**2009–ൽ 39 രൂപയായിരുന്നു ഒരു ലിറ്റർ പെട്രോളിന്. ഇന്ന് അത് 73 രൂപയാണ്. പാചകവാതക സിലിണ്ടറിന് 279 രൂപയായിരുന്നത് 1300 രൂപയായി. എന്തുകൊണ്ട്?**

ഉത്തരം ലളിതം. ഇന്ത്യയിലെ പ്രകൃതി വാതകത്തിന്റെ ഊർജ്ജസ്രോതസാണ് കൃഷ്ണ–ഗോദാവരി എണ്ണപ്പാടം. 2009 ൽ ONGC യെന്ന പൊതുമേഖലാ സ്ഥാപനം ഒരു ബ്രിട്ടീഷ് തെർമൽ യൂണിറ്റ് പാചക വാതകം 1.83 ഡോളർ വച്ചാണ് വിറ്റത്. 2009–ൽ രാജ്യത്തെ സർക്കാർ ഈ എണ്ണപ്പാടം റിയലൻസിന് കൈമാറി. ഫലമോ? 2014–ൽ റിലയൻസ് ഒരു ബ്രിട്ടീഷ് തെർമൽ യൂണിറ്റ് പാചകവാതകം 8.4 ഡോളറിന് രാജ്യത്ത് വിൽക്കുന്നു. ഇന്ത്യയുടെ പ്രകൃതിവാതക സമ്പത്ത് മുഴുവനും റിലയൻസിന്.... അതുവച്ച് ജനങ്ങളെ കടിച്ചൂറ്റാനുള്ള പരമാധികാരവും റിലയൻസിന്..... നമ്മുടെ നാണയം രൂപയാണ്. നമ്മുടെ കൂലിയും രൂപയിലാണ്. പക്ഷേ ഗ്യാസിന് വില നിശ്ചയിക്കുന്നത് ഡോളറിൽ.... ഒരു ഡോളറെന്നാൽ 62 രൂപയാണ്. ഡോളറിൽ വിലയിട്ട് രൂപയിൽ പിരിച്ചെടുത്താൽ 62 ഇരട്ടിയാകും റിലയൻസിന്റെ അക്കൗണ്ടിലെത്തുന്ന പണം! ജനം മെലിയുമ്പോൾ മുതലാളിമാർ തടിച്ചുകൊഴുക്കുന്നതിന്റെ ഗുട്ടൻസ് ഇതുതന്നെ! വിലക്കയറ്റം ആഗോളപ്രതിഭാസമല്ല. ദാരിദ്ര്യം ഒരു മാനസികാവസ്ഥയുമല്ല. വിലകയറ്റവും ദാരിദ്ര്യവും ഭരണകൂടനയങ്ങളുടെ സൃഷ്ടിയാണ്. **ആ നയം മാറ്റേണ്ടതു നമ്മൾ തന്നെ.**

**ദരിദ്ര കോടികൾക്ക് സബ്സിഡി നൽകാൻ ഖജനാവിൽ പണം കായ്ക്കുന്ന മരമില്ല!**

ഒരു ശരാശരി ജീവനക്കാരൻ വരുമാനത്തിന്റെ 20% വരുമാന നികുതി നൽകണം. അയാൾ വാങ്ങുന്ന എല്ലാ സേവനത്തിലും 12.36% നിരക്കിൽ സേവനനികുതി നൽകണം. വാങ്ങുന്ന എല്ലാ സാധനങ്ങൾക്കും 2%

മുതൽ 20% വരെ വിവിധ നികുതികൾ നൽകണം. അല്പം തുക മിച്ചം പിടിച്ച് LIC Policy യിൽ നിക്ഷേപിച്ചാൽ, ഒരു ചിട്ടിയിൽ ചേർന്നാൽ അവിടെയും 12.36% സേവനനികുതി നൽകണം. ഒരു സ്കൂട്ടറുണ്ടെങ്കിൽ അതിന്റെ വിലയുടെ പകുതിയും നികുതികളാണ്. സ്കൂട്ടറിൽ പെട്രോൾ അടിച്ചാലോ.... പെട്രോളിന്റെ വിലയുടെ പകുതിയിൽ കൂടുതലും നികുതികളാണ്. പുസ്തകം വാങ്ങാനും മകളുടെ കല്യാണപന്തലിനും എന്തിന് ചായകുടിക്കാനും നികുതി നൽകണം. ടെലഫോൺ സംസാരത്തിനും ഫിക്സഡ് ഡെപ്പോസിറ്റിനും നികുതി നൽകണം. കടം വാങ്ങി വരെ നികുതി അടയ്ക്കുന്നവരുണ്ട്. ഇവരാണ് ഖജനാവ് നിറയ്ക്കുന്നത്.

വരുമാനനികുതി, കസ്റ്റംസ് നികുതി, എക്സൈസ് നികുതി, സേവനനികുതി എന്നീ ഇനങ്ങളിലായി കഴിഞ്ഞ 5 വർഷം കേന്ദ്ര സർക്കാർ ജനങ്ങളിൽ നിന്നും പിരിച്ചെടുത്തത് 50 ലക്ഷം കോടിയോളം രൂപയാണ്. പാചകവാതകത്തിനും മണ്ണെണ്ണയ്ക്കും സബ്സിഡി നൽകാൻ പണം കായ്ക്കുന്ന മരമില്ലെന്ന് പറയുന്ന ഭരണകൂടം കഴിഞ്ഞ 10 വർഷങ്ങളിലായി രാജ്യത്തെ ഒരു പിടി കുത്തക മുതലാളിമാർക്ക് നൽകിയ ആനുകൂല്യം 34.21ലക്ഷം കോടി രൂപയാണ്. ഇക്കാലയളവിൽ 125 കോടി ഇന്ത്യൻ പൗരൻമാർക്ക് നൽകിയത് 13.27 ലക്ഷം കോടിരൂപ. 125 കോടി മനുഷ്യർക്ക് നൽകിയതിനേക്കാൾ 258% അധികം പണം വിരലിലെണ്ണാവുന്ന കുത്തകൾക്ക് ഖജനാവിൽ നിന്ന് നൽകിയെന്ന് സാരം.

**പെൻഷനും കമ്പോളത്തിൽ ചൂതാട്ടത്തിന് വിട്ടുകൊടുക്കുന്നതെന്തിനുവേണ്ടി?**

ഖജനാവിലെ പണവും തൊഴിലാളികളുടെ പണവും ഓഹരികമ്പോളത്തിലേക്ക് നിർബന്ധപൂർവ്വം മാറ്റുന്ന പദ്ധതിയാണ് NPS (ന്യൂ പെൻഷൻ സ്കീം). സ്റ്റാറ്റ്യൂട്ടറി പെൻഷൻ അട്ടിമറിച്ചുകൊണ്ടാണ് NPS നടപ്പാക്കിയത്.

തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ടും ചൂതാട്ടത്തിന് വിട്ടുകൊടുക്കുവാനുള്ള ശ്രമം തത്ക്കാലത്തേയ്ക്കെങ്കിലും തടയാനായത് EPF ട്രസ്റ്റീസ് ബോർഡിലെ തൊഴിലാളി പ്രതിനിധികളുടെ ശക്തമായ ചെറുത്തുനില്പു കൊണ്ടാണ്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ തകർത്തതിനോടൊപ്പം EPS' 95-നെ കൂടുതൽ തൊഴിലാളി വിരുദ്ധമാക്കുകയാണ് ചെയ്തത്. EPS' 95-ലെ return of capital എടുത്തുകളഞ്ഞു. 20 വർഷം സർവ്വീസുള്ള ജീവനക്കാർക്കുള്ള 2 വർഷം സർവ്വീസ് എന്ന ആനുകൂല്യം എടുത്തുകളഞ്ഞു. പെൻഷൻ കണക്കാക്കുന്നതിനുള്ള ശമ്പളം അവസാനത്തെ 12 മാസത്തെ ശമ്പളത്തിന്റെ ശരാശരിയായിരുന്നത്, അവസാനത്തെ 60 മാസത്തെ ശമ്പളത്തിന്റെ ശരാശരിയാക്കി വെട്ടിക്കുറച്ചു. തൊഴിലാളികൾ സംയുക്തമായി ദേശീയപണിമുടക്കു സമരം നടത്തി പ്രതിഷേധിച്ചു. സമരത്തെതുടർന്ന് EPS'95 മിനിമം പെൻഷൻ 1000 രൂപയാക്കുമെന്നും EPS'95-ലെ 6500/- എന്ന പരിധി 15000 രൂപയാക്കി ഉയർത്തുമെന്നും സർക്കാർ വാഗ്ദാനം നൽകി. ഈ നിർദ്ദേശം പി.എഫ് ബോർഡ് അംഗീകരിച്ചിട്ടും നടപ്പിലാക്കാതെ രാജ്യത്തെ കോടിക്കണക്കായ തൊഴിലാളികളെ വീണ്ടും പറ്റിക്കുകയാണ് ചെയ്തിരിക്കുന്നത്. വഞ്ചിക്കപ്പെട്ട തൊഴിലാളികളുടെ സമരാഗ്നിയിൽ തൊഴിലാളിവിരുദ്ധ നയങ്ങൾ വെന്തു വെണ്ണീറാകുന്ന കാലം വിദൂരമല്ല!

**ഖജനാവ് കാലിയാക്കിയത് പൊതുമേഖലകളും തൊഴിലാളികളുമല്ല; മറിച്ച് ഖജനാവിന്റെ വാതിലുകൾ മുതലാളിമാർക്കായി മലർക്കെ തുറന്നിട്ടതുകൊണ്ടാണ്.**

കേരളത്തിന്റെ ഖജനാവ് ഓട്ടപാത്രമായെന്ന് മാധ്യമങ്ങൾ. നികുതികൾ പിരിച്ചെടുക്കാത്തതും അഴിമതിയും ധൂർത്തുമാണ് കാരണം. കെ.എസ്.എഫ്.ഇയുടെ 2500 കോടിയോളം രൂപ ട്രഷറിയിലുണ്ടെന്ന് മാനേജ്മെന്റ്. ഖജനാവ് കാലിയാണെങ്കിൽ നമ്മുടെ പണം ആവിയായിപ്പോയെന്നല്ലേ അർത്ഥം. ജീവനക്കാരുടെ earned leave surrender ൽ കൈവച്ചുകഴിഞ്ഞു. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കെ.എസ്.എഫ്.ഇ യിലേക്ക് വ്യാപിക്കുമോ എന്ന് ആശങ്ക ജീവനക്കാരിൽ സൃഷ്ടിച്ചിട്ടുണ്ട്. ജീവനക്കാരുടെ ആശങ്കയകറ്റാൻ ശക്തമായ നിലപാട് മാനേജ്മെന്റ് സ്വീകരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. വായ്പാ പദ്ധതികൾ മരവിപ്പിച്ചുനിർത്തിക്കൊണ്ട് കെ.എസ്.എഫ്.ഇ നിക്ഷേപങ്ങൾ, കുറഞ്ഞ പലിശയ്ക്ക് ട്രഷറിയെന്ന ഓട്ടപ്പാത്രത്തിലേയ്ക്ക് ഒഴുക്കുന്ന നടപടികളിൽ നിന്നും മാനേജ്മെന്റ് പിന്തിരിയണം. പൊള്ളച്ചിട്ടികൾക്കെതിരെ കർശന നിലപാട് സ്വീകരിച്ചുകൊണ്ട്, കെ.എസ്.എഫ്.ഇയുടെ സാമ്പത്തികാരോഗ്യം വീണ്ടെടുക്കണം. ട്രഷറിയിലെ 800 കോടിയോളം രൂപയുടെ പലിശ വരുമാനം ഉറപ്പാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കണം. അല്ലാതെ സഹകരണ ബാങ്കുകളുടെ നിക്ഷേപം ട്രഷറിയിലേക്ക് തിരിച്ചുവിടാൻ വാക്കാൽ നിർദ്ദേശം നൽകിയതു പോലെ കെ.എസ്.എഫ്.ഇയുടെ നിക്ഷേപവും തിരിച്ചുവിടാൻ ശ്രമിച്ചാൽ ഭവിഷ്യത്ത് ഗുരുതരമായിരിക്കുമെന്ന് ഞങ്ങൾ മാനേജ്മെന്റിന് മുന്നറിയിപ്പു നൽകുന്നു.

*അഭിവാദനങ്ങളോടെ,*

**എസ്.മുരളികൃഷ്ണപിള്ള**

2-4-2014

*ജനറൽ സെക്രട്ടറി*

*കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ (സി.ഐ.ടി.യു)*

GV Ofset Printers, BLPM # 2400516